# കേരള സർവകലാശാല

നം.പി.ആർ.131/2020                                   ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലേക്കും യു.ഐ.ടി-കളിലേക്കുമുള്ള ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 21 ന് വൈകുന്നേരം 5 മണി മുതൽ ആരംഭിക്കും.

### ഒന്നാം വർഷ ബി.ടെക് NRI സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ (ഇ.സി, സി.എസ്, ഐ.ടി) NRI സീറ്റുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ www.ucek.in കോളേജ് വെബ്സൈറ്റിലും 9037119776 എന്ന നമ്പറിലും ലഭ്യമാണ്.

### എൻ.എസ്.എസ് കോളേജ്, നിലമേലിൽ ജൂൺ 15 ലെ പരീക്ഷ റദ്ദാക്കി പുനഃപരീക്ഷ ജൂലൈ 23 ന്

കേരള സർവകലാശാല ജൂൺ 15 രാവിലെ 9.30 ന് എൻ.എസ്.എസ് കോളേജ്, നിലമേലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ-സി.ബി.സി.എസ് ഇംഗ്ലീഷ് (EN1644/CG 1642 Womens Writing) മലയാളം (വിവർത്തനം, സിദ്ധാന്തവും പ്രയോഗവും), ഹിസ്റ്ററി (HY 1644 20th Century Revolutions), എക്കണോമിക്സ് (EC 1644 International Economics) എന്നീ പരീക്ഷകൾ റദ്ദു ചെയ്തിരിക്കുന്നു. മേൽ പറഞ്ഞ വിഷയങ്ങളുടെ പുനഃപരീക്ഷ 2020 ജൂലൈ 23 ന് രാവിലെ 9.30 ന് അതേ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. എൻ.എസ്.എസ് കോളേജ്, നിലമേൽ കേന്ദ്രമായി പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളും പുനഃപരീക്ഷ എഴുതേണ്ടതാണ്.

## പ്രൊഫ.പി.എം.മാത്യുവിന് ഡി.എസ്.സി പുരസ്കാരം

സസ്യശാസ്ത്രലോകത്തെ മികച്ച സംഭാവനകൾക്കും, കണ്ടുപിടിത്തങ്ങൾക്കും, ഗവേഷണ നേട്ടങ്ങൾക്കുമുള്ള ബഹുമതിയായി പ്രൊഫ.പി.എം.മാത്യുവിന് ഡോക്ടർ ഓഫ് സയൻസ് ബിരുദം നൽകുന്നതിന് ഇന്ന് ചേർന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. കേരള സർവകലാശാല ബോട്ടണി വിഭാഗത്തിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച അദ്ദേഹം32 വർഷത്തെ അദ്ധ്യാപന സേവനത്തിനുശേഷം വകുപ്പ് മേധാവിയായി 1990 ൽ വിരമിച്ചു. ജനിതക ശാസ്ത്രത്തിലെ ഗവേഷണങ്ങളിൽ വിലപ്പെട്ട സംഭാവനകളാണ് അദ്ദേഹത്തിന്റേത്.

അദ്ധ്യാപകൻ, ഗവേഷകൻ എന്ന നിലയ്ക്കു പുറമെ മൾട്ടിഡിസിപ്ലിനറി റിസർച്ച് സെന്ററിന്റെ ഫൗണ്ടർ ഡയറക്ടർ, ഇ.ആർ.ആർ.സി.യുടെ ഫിനാൻസ് സെക്രട്ടറി, ഇന്ത്യൻ ജേർണൽ ഓഫ് ബൊട്ടാണിക്കൽ റിസർച്ച് എന്നിവയുടെ ചീഫ് എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുള്ള പ്രൊഫ.പി.എം.മാത്യു ഫുൾബ്രൈറ്റ് ഫെല്ലോഷിപ്പോടെയാണ് അമേരിക്കയിൽ ഗവേഷണം നടത്തിയിരുന്നത്.

## പിഎച്.ഡി നൽകി

അഭിലാഷ് കുമാർ കെ.ജി (പൊളിറ്റക്കൽ സയൻസ്), ദീപ എ, ദിവ്യ കെ.എസ്, ദിവ്യ വി.എൽ (ഹിന്ദി), ജസീല കെ.ബി, പ്രബിഷ എ.ടി, സജിത വി, സൗമ്യ എ, മണികണ്ഠൻ ജി (കൊമേഴ്സ്), ലിജി ബി.ജെ, സോഫിയ എ (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), നദീറ ജെ (അറബിക്), സൈമ ഓജസ് (ഇസ്ലാമിക് ഹിസ്റ്ററി), സുകന്യ എസ് നായർ (ഇക്കണോമിക്സ്), വിജയ എസ് ഉത്തമൻ (മാനേജ്മെന്റ് സ്റ്റഡീസ്), വിജി പി (തമിഴ്), ജെ.എസ്.ജഹാംഗീർ (ഇംഗ്ലീഷ്), രാജി ജെ, ലിസ്ബ യേശുദാസ് (മലയാളം), വിനു വി ദേവ്, ജോളി എ, അനന്ത കൃഷ്ണൻ ആർ, ദിവ്യ വി, ആശ എ, അഞ്ജലി ദേവി ജെ.എസ്, നെബു ജോൺ (കെമിസ്ട്രി), രവീന്ദ്രൻ എസ് (ജ്യോഗ്രഫി), സുജിന എം.ജി (ബയോടെക്നോളജി), മീര ആർ നായർ (എൻവിറോൺമെന്റൽ സയൻസസ്), ഷിബു മാനുവേൽ (മാത്തമാറ്റിക്സ്), കമല ദേവി വി (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), അനിത എഡിസൺ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ശാലിനി എസ് (സിവിൽ എഞ്ചിനീയറിംഗ്), സൗമ്യ ഉദയൻ (സുവോളജി), സീമ സി.എസ് (ഫിസിക്സ്), ബിന്ദു എസ്.എസ് (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), അമീൻ അലി മുഹമ്മദ് അൽഗമാൽ (ലിംഗ്വിസ്റ്റിക്സ്), അഞ്ജു സുധാകരൻ (ബോട്ടണി) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## പാലിയേറ്റീവ് പരിശീലന പരിപാടികൾക്ക് തുടക്കമായി

കേരള സർവകലാശാല നടത്തുന്ന ഓൺലൈൻ പാലിയേറ്റീവ് പരിശീലന പരിപാടികൾക്ക് തുടക്കമായി. സർവകലാശാല നാഷണൽ സർവീസ് സ്കീം, സ്റ്റുഡന്റ്സ് സർവീസസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ നേതൃത്വത്തിലാണ് കോളേജുകളിൽ

പാലിയേറ്റീവ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്കുവേണ്ടി രണ്ടായിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുത്തത്. അഞ്ഞൂറ് വിദ്യാർത്ഥികൾക്കായി ഒരു മാസം നീണ്ടുനിൽക്കുന്ന ഓൺലൈൻ പരിശീലന പരിപാടി പാലിയം ഇന്ത്യ എന്ന സംഘടനയുടെ സഹായത്തോടെയാണ് നടത്തുന്നത്. ഇതിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻപിള്ള നിർവ്വഹിച്ചു. ഉദ്ഘാടനകർമ്മത്തിൽ വിവിധ കോളേജുകളെ പ്രതിനിധീകരിച്ചുകൊണ്ട് മുന്നൂറിൽപരം വിദ്യാർത്ഥികൾ ഓൺലൈനായി പങ്കെടുത്തു.

കേരള സർവകലാശാലയുടെ സാമൂഹിക ഇടപെടലിന്റെ മകുടോദാഹരണമാണ് കലാലയങ്ങളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾ. 2019–20 വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിൽ ഫിനാൻസ് കമ്മിറ്റി കൺവീനറായ അഡ്വ.കെ.എച്ച്.ബാബുജാനാണ് ഇത്തരമൊരു ആശയം മുന്നോട്ടുവെച്ചത്. സർവകലാശാല സ്റ്റുഡന്റ്സ് സർവീസസിനും നാഷണൽ സർവീസ് സ്കീമിനുമാണ് ഇതിന്റെ നടത്തിപ്പ് ചുമതല. നടപ്പു സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിൽ പാലിയേറ്റീവ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക നീക്കിവെച്ചിട്ടുണ്ട്.

പ്രോ.വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.പി അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ.കെ.എച്ച്.ബാബുജാൻ മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗങ്ങളായ ഡോ.ഗോപ്ചന്ദ്രൻ, ഡോ.എസ്.നസീബ്, ഡോ.എം.വിജയൻപിള്ള, ഡോ.ജെ.ജയരാജ്, ശ്രീ.ആർ.അരുൺകുമാർ, ശ്രീ.മുഹമ്മദ് യാസീൻ എന്നിവരും പാലിയം ഇന്ത്യയെ പ്രതിനിധീകരിച്ച് ശ്രീ.മനോജ് ജി.എസ്, നാഷണൽ സർവീസ് സ്കീം കോ-ഓർഡിനേറ്റർ ഡോ.ഷാജി.എ, സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ.സിദ്ധിഖ്.ആർ എന്നിവർ പ്രസംഗിച്ചു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
17.07.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098